**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 420** **14-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിൽ മൂന്നാം നൂറ് ദിന കർമ്മ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പ് നൂറ് ദിനം ഇരുനൂറ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പ് ഇരുനൂറ് പദ്ധതികൾ എന്ന രീതിയിൽ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പിന്റെ 20 പദ്ധതികളായി 167 പുതിയ സംരഭങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മൂന്നാം നൂറ് ദിന പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന് കീഴിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മൂന്നാം നൂറ് ദിന പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന് കീഴിൽ പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കുന്ന 5,40,940 തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ഇടുക്കിയിൽ റവന്യൂ ഗസ്റ്റ് ഹൗസ് -650<br><br>2.കോഴിക്കോട് സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് -450<br><br>3.ജില്ലാ അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രം - 240<br><br>4.തൃശ്ശൂർ താലൂക്ക് ഓഫീസ് പൈതൃക മന്ദിര ഉദ്ഘാടനം - 600<br><br>5.മാനന്തവാടി സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് ഉദ്ഘാടനം - 400<br><br>6.സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം - 68400<br><br>7.റവന്യൂ ഇ - സാക്ഷരതാ മിഷൻ - 200<br><br>8.ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ - 4,70,000 |
| (സി) | ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (സി) | മൂന്നാം നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന |

| | | | |
|---|---|---|---|
| | വിശദാംശം നൽകുമോ? | | പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 40000 പട്ടയങ്ങളുടെ വിതരണം<br>2. അനധികൃത പ്രകൃതി ചൂഷണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം.<br>3. ഇടുക്കിയിൽ റവന്യൂ ഗസ്റ്റ് ഹൗസ്.<br>4. ഓൺലൈൻ ബി.റ്റി.ആർ മോഡ്യൂൾ.<br>5. കോട്ടയം ജില്ല റവന്യൂ ഇ - ജില്ലയായി മാറുന്നു.<br>6. കോഴിക്കോട് സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ്<br>7. ജില്ലാ അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രം (DEOC)<br>8. താലൂക്ക് അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രങ്ങളുടെ ഉദ്ഘാടനം(TEOC).<br>9. തൃശ്ശൂർ താലൂക്ക് ഓഫീസ് പൈതൃക മന്ദിര ഉദ്ഘാടനം.<br>10. പ്രവാസികളുടെ റവന്യൂ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രവാസി സെൽ.<br>11. മാനന്തവാടി സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് ഉദ്ഘാടനം.<br>12. രാജീവ് ഗാന്ധി ദശലക്ഷം ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നത്<br>13. പട്ടയമിഷൻ.<br>14. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം.<br>15. റവന്യൂ അവാർഡ് വിതരണം.<br>16. റവന്യൂ ഇ -സാക്ഷരതാ മിഷൻ.<br>17. ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.<br>18. CORS കൺട്രോൾ സെന്റർ ഉദ്ഘാടനം<br>19. ഐ.എൽ.ഡി.എം.- ൽ ഓപ്പൺ എയർ ഓഡിറ്റോറിയം ഉദ്ഘാടനം<br>20. 15 വില്ലേജുകളിൽ ഇന്റഗ്രേറ്റഡ് പോർട്ടൽ |

സെക്ഷൻ ഓഫീസർ